## SMART PAGE




# ക്യൂ ആർ കോഡ്

കൂട്ടുകാർ മലർവാടിയുടെ കവറിൽ ഒരു ചിത്രം ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. Qr code ആണത്. Quick Response എന്നതാണ് Qr ന്റെ പൂർണ്ണരൂപം. അഥവാ പെട്ടെന്ന് തന്നെ പ്രതികരിക്കുന്ന സംവിധാനം എന്നർഥം.

കറുപ്പും വെളുപ്പും വരകളായി കണ്ടിരുന്ന ബാർ കോഡുകൾ മാത്രമായിരുന്നു മുമ്പുണ്ടായിരുന്നത്. ബാർകോഡ് സ്കാൻ ചെയ്യുന്നതോടെ ഓരോ ഉൽപന്നത്തിന്റെ പ്രത്യേക കോഡ് ലഭിക്കുകയും നേരത്തെ ഫീഡ് ചെയ്തുവെച്ചതനുസരിച്ച് അതിന്റെ വിലയും മറ്റും വിവരങ്ങളും ലഭിക്കുകയും ചെയ്യുന്ന രീതിയാണിത്.

എന്നാൽ ക്യൂ ആർ കുറച്ചു കൂടി മുന്നോട്ട് പോയി നമുക്ക് ആവശ്യമുള്ള പല വിവരങ്ങളും ശേഖരിച്ചു വെക്കാൻ കഴിയുന്ന ഒന്നാണ്. ഉദാഹരണത്തിന് ഒരു വിസിറ്റിങ് കാർഡിൽ നമുക്ക് നമ്മുടെയോ നമ്മുടെ സ്ഥാപനത്തിന്റെയോ പൂർണ്ണ വിലാസം ക്യൂ ആർ ചെയ്ത് വെക്കാം.

ഒരു വെബ് സൈറ്റോ ഒരു സൈറ്റിലെ പ്രത്യേക പേജോ ഒരു പരസ്യത്തിൽ കൊടുത്താൽ പോലും അത് ബ്രൗസർ തുറന്ന് അതേ പോലെ അക്ഷരങ്ങൾ തെറ്റാതെ ടൈപ്പ് ചെയ്താൽ മാത്രമാണ് സൈറ്റിലേക്ക് കടക്കാനാവുക. എന്നാൽ ക്യൂ ആർ സ്കാൻ ചെയ്യുന്നതോടെ നേരെ നമ്മളുദ്ദേശിച്ച വെബ് പേജിലേക്ക് എത്താനാവുന്നു.

ഇനി ഒരു ക്ഷണക്കത്തോ പ്രോഗ്രാം നോട്ടീസോ പോസ്റ്ററോ ചെയ്യുകയാണെങ്കിൽ പരിപാടി നടക്കുന്ന സ്ഥലത്തേക്കുള്ള വഴി അടയാളപ്പെടുത്തുന്ന രീതിയിൽ ഗൂഗിൾ മാപ്പിന്റെ ലിങ്ക് ചേർക്കുകയും ചെയ്യാം.

ഇതുപോലെ ആപ്ലിക്കേഷൻ, വീഡിയോ, പി.ഡി.എഫ്, ചിത്രങ്ങൾ, ലേഖനം തുടങ്ങിയ വെബ് സൈറ്റിൽ ലഭ്യമായ ഏത് ലിങ്ക് വേണമെങ്കിലും കൊടുക്കാനാവും.

ഇനി നമുക്ക് എങ്ങനെ ഒരു ക്യൂ ആർ കോഡ് നിർമ്മിക്കാമെന്ന് നോക്കാം. ആദ്യമായി ഒരു qr creater സൈറ്റിലോ ആപ്ലിക്കേഷനിലോ കയറുക (www.qr-code-generator.com) എന്നിട്ട് എന്തിന്റെ കോഡാണ് നിർമ്മിക്കുന്നതെന്ന് തെരഞ്ഞെടുത്ത് അതിൽ വിവരം ടൈപ്പ് ചെയ്യുകയോ ലിങ്ക് ഇടുകയോ ചെയ്യുക. ഉടൻ സ്ക്രീനിൽ നിങ്ങളുടെ ക്യൂ ആർ കോഡ് റെഡിയായിരിക്കും. വ്യത്യസ്തമായ വർണ്ണങ്ങളിലും ഡിസൈനിലും ലോഗോ നൽകിയും ക്യൂ.ആർ സംവിധാനിക്കാം.

ക്യൂ ആർ കോഡ് റീഡ് ചെയ്യാൻ മൊബൈലിൽ നിലവിൽ സംവിധാനമില്ലെങ്കിൽ ഒരു qr scaner app പ്ലേസ്റ്റോറിൽ നിന്നും ഇൻസ്റ്റാൾ ചെയ്യാം. ഇനി മലർവാടിയുടെ കവറിലുള്ള കോഡ് ഒന്ന് സ്കാൻ ചെയ്തു നോക്കൂ.

**സുഹൈറലി തിരുവിഴാംകുന്ന്**



ക്യത്രിമമായി നിർമിച്ച ആദ്യ റബ്ബർ- നിയോപ്രിൻ